
# ബ്രിട്ടീഷുകാർ നടത്തിയ ഹോളോകാസ്റ്റ്

**1857-ലെ** ഒന്നാം സ്വാതന്ത്ര്യസമരത്തിന് 150 വയസ്സ് പിന്നിട്ടത് കഴിഞ്ഞ വർഷമാണല്ലോ. അതോടനുബന്ധിച്ച് ആ സമരത്തെക്കുറിച്ച് പിന്നെയും കുറെ പുസ്തകങ്ങളും പഠനങ്ങളും പുറത്തിറങ്ങി. മിക്കതിനും പുതിയതൊന്നും സംഭാവന ചെയ്യാനുണ്ടായിരുന്നില്ല. പക്ഷേ, അക്കൂട്ടത്തിൽ വേറിട്ട ഒരു പഠനമുണ്ടായിരുന്നു. ഇന്ത്യൻ ചരിത്രകാരനായ അമരേഷ് മിശ്രയുടെ War of Civilizations: India AD 1857 എന്ന കൃതി.




കുഴപ്പങ്ങൾ തുടങ്ങിവെച്ചതും അതിക്രമങ്ങൾ കാണിച്ചതും ശിപായികളാണ്, ബ്രിട്ടീഷുകാർ കലാപം അമർച്ച ചെയ്യുക മാത്രമായിരുന്നു; ഇങ്ങനെയായിരുന്നു ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പ്രോപഗണ്ട. ഇതിന്റെ ചുവടൊപ്പിച്ചാണ്, ചിലപ്പോൾ ചില്ലറ മാറ്റങ്ങളോടെ, 1857-ന്റെ ചരിത്രം എഴുതിപ്പോന്നിട്ടുള്ളത്. യഥാർഥത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ ഹോളോകാസ്റ്റാണ് ബ്രിട്ടൻ നടത്തിയതെന്ന് സമർഥിക്കുകയാണ് അമരേഷ് മിശ്ര. ബ്രിട്ടനും മറ്റു പാശ്ചാത്യ രാഷ്ട്രങ്ങളും കണ്ണീരൊലിപ്പിക്കുന്ന ജൂതന്മാർക്കെതിരായ ഹോളോകാസ്റ്റിൽ അവരുടെ എല്ലാ അവകാശവാദങ്ങളും അംഗീകരിച്ചാൽ തന്നെ കൊല്ലപ്പെട്ട ജൂതന്മാരുടെ എണ്ണം ആറ് മില്യനാണ്. എന്നാൽ 1857-ലെ സ്വാതന്ത്ര്യസമരത്തിന്റെ പേരിൽ ബ്രിട്ടീഷുകാർ 1857 മുതൽ 1867 വരെയുള്ള കാലയളവിൽ കൊന്നൊടുക്കിയ ഇന്ത്യക്കാരുടെ എണ്ണം പത്ത് മില്യൻ ആണ്. അന്ന് ഇന്ത്യൻ ജനസംഖ്യ 150 മില്യൻ ആയിരുന്നു. അതായത് ഇന്ത്യൻ ജനസംഖ്യയുടെ 7 ശതമാനമാണ് കൊന്നൊടുക്കപ്പെട്ടത്. അതേസമയം, ഒന്നാം ലോകയുദ്ധത്തിൽ ലോകജനസംഖ്യയുടെ 0.4 ശതമാനവും രണ്ടാം ലോകയുദ്ധത്തിൽ 2.5 ശതമാനവും നെപ്പോളിയൻ നടത്തിയ യുദ്ധങ്ങളിൽ യൂറോപ്പിലെ 1.2 ശതമാനം ജനങ്ങളുമാണ് കൊല്ലപ്പെട്ടത്. ഇന്ത്യയിൽ നടത്തിയ കൂട്ടക്കുരുതിക്ക് ചരിത്രത്തിൽ തന്നെ സമാനതകൾ അധികമില്ല എന്നർഥം.

സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും കൂട്ടത്തോടെ ഈ നരനായാട്ടിൽ വധിക്കപ്പെട്ടു. വടക്കൻ സംസ്ഥാനത്തു മാത്രം അഞ്ച് മില്യനാണ് കൊല്ലപ്പെട്ടത്. ആ സംസ്ഥാനത്ത് വർഷങ്ങളോളം തൊഴിലാളിക്ഷാമം രൂക്ഷമായിരുന്നുവെന്ന് തെളിവുകൾ സഹിതം അമരേഷ് മിശ്ര സ്ഥാപിക്കുന്നു. കൂട്ടക്കൊലയെക്കുറിച്ച് കണക്കുകളൊന്നും ലഭ്യമാവാതിരുന്നത് ബ്രിട്ടീഷ് കൊളോണിയലിസ്റ്റുകൾക്ക് അനുഗ്രഹമായി. ഇന്ത്യക്കാർ ബ്രിട്ടീഷ് പൗരന്മാരെ തെരഞ്ഞുപിടിച്ച് കൊല്ലുകയാണെന്നും അവർ പ്രചരിപ്പിച്ചു. 'ഇന്ത്യക്കാരെ മുഴുവൻ ഉന്മൂലനം ചെയ്താലും പ്രശ്നമില്ല' എന്ന് ചാൾസ് ഡിക്കൻസിനെപ്പോലുള്ള ഒരെഴുത്തുകാരനെക്കൊണ്ട് പറയിപ്പിക്കാൻ മാത്രം ശക്തമായിരുന്നു അവരുടെ നുണ പ്രചാരണം. ഏറെ കൊട്ടിഘോഷിക്കപ്പെട്ട വില്യം ഡാർലിമ്പ്ളിന്റെ *ദ ലാസ്റ്റ് മുഗൾ* എന്ന ഒടുവിലത്തെ കൃതിപോലും ഈ നുണക്കഥ ഭംഗിയായി അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

അതിനാൽ അമരേഷ് മിശ്രയുടെ ഈ കൃതിയെ ഒന്നാം സ്വാതന്ത്ര്യസമരത്തെക്കുറിച്ച സത്യസന്ധവും ആധികാരികവുമായ ആദ്യത്തെ സമഗ്രപഠനം എന്ന് വിശേഷിപ്പിക്കേണ്ടിവരും. താൻ പറയുന്ന കാര്യങ്ങൾക്ക് റെയിൽവെ രേഖകൾ തുടങ്ങിയ സ്രോതസ്സുകളിൽനിന്ന് തെളിവുകളും അദ്ദേഹം ഹാജരാക്കിയിട്ടുണ്ട്. വർഷങ്ങളുടെ അധ്വാനവും അലച്ചിലും അതിന് പിന്നിലുണ്ടെന്ന് തീർച്ച. പടിഞ്ഞാറൻ നോക്കികളായ ഇന്ത്യയിലെ മാധ്യമങ്ങൾ ഈ ഗവേഷണ പഠനം കണ്ടില്ലെന്ന് നടിച്ചു. ഹിന്ദു-മുസ്‌ലിം ഐക്യത്തിൽ ഊന്നുന്നതുകൊണ്ട് വലതുപക്ഷ സംഘ്പരിവാരങ്ങൾക്കും ഇത് ദഹിച്ചില്ല. ഇങ്ങനെയൊരു കൃതി പുറത്തിറങ്ങിയ കാര്യം പോലും, പൊതുസമൂഹം മാത്രമല്ല അക്കാദമിക വൃത്തങ്ങളും അറിയാതെ പോയി എന്നത് കഷ്ടമാണ്.

രണ്ട് ബൃഹദ് വാല്യങ്ങളുള്ള പുസ്തകത്തിന്റെ വില 2,500 രൂപയാണ്. ന്യൂദൽഹിയിലെ രൂപ & കോ. ആണ് കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നത്.

# പ്രണയ കഥയാണ്, പക്ഷേ.....

**വടക്കൻ** കെയ്റോയിലേക്ക് പോകുന്ന മെട്രോ ട്രെയ്നിൽ യാത്രക്കാർ തമ്മിൽ കടുത്ത വാഗ്വാദം. നിഖാബ് (കണ്ണൊഴികെയുള്ള ഭാഗങ്ങൾ മറയ്ക്കുന്ന വസ്ത്രം) ധരിച്ച ഒരു സ്ത്രീ, തന്റെ സീറ്റ് ഒരു അമേരിക്കൻ വനിതാ ടൂറിസ്റ്റിന് ഒഴിഞ്ഞു കൊടുത്തതാണ് പ്രശ്നമായത്. 'ഇറാഖും അഫ്ഗാനും ചുട്ടുകരിക്കുന്നത് ഈ സ്ത്രീയുടെ നാട്ടിലുള്ളവരല്ലേ. അങ്ങനെ സീറ്റ് ഒഴിഞ്ഞുകൊടുക്കുകയൊന്നും വേണ്ട,' ഒരു 'തീവ്രവാദി' ഇടപെട്ടു. അപ്പോൾ ആളുകളെ വകഞ്ഞുമാറ്റി, മെലിഞ്ഞ ഒരു ഇന്തോനേഷ്യക്കാരൻ യുവാവ് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: 'നാട് സന്ദർശിക്കാനെത്തുന്നവരോട് മാന്യമായി പെരുമാറാനാണ് പ്രവാചകൻ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.'



ഹബീബ് റഹ്മാൻ ശീറാസി

ഇന്തോനേഷ്യയിൽ കളക്ഷൻ റിക്കോർഡ് സൃഷ്ടിച്ച Ayat-Ayat CINTA (സ്നേഹത്തിന്റെ തെളിവുകൾ) എന്ന സിനിമയിൽനിന്നുള്ള ഒരു രംഗമാണിത്. നിറഞ്ഞ സദസ്സുകളിൽ സിനിമ ഇപ്പോഴും പ്രദർശനം തുടരുകയാണ്. 1997-ൽ ഇന്തോനേഷ്യൻ തിയേറ്ററുകളിൽ *ടൈറ്റാനിക്* എന്ന അമേരിക്കൻ ചിത്രം നേടിയ കളക്ഷൻ ഈ സിനിമ മറികടക്കുമെന്ന് ഉറപ്പായിക്കഴിഞ്ഞു.

ഏതൊരു ജനപ്രിയ സിനിമയെയും പോലെ ഇതൊരു പ്രണയകഥയാണ്. ദരിദ്രനും മിടുക്കനുമായ ഒരു ഇന്തോനേഷ്യൻ യുവാവിന് ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ പഠിക്കാൻ അവസരം ലഭിക്കുന്നു. പഠനം കഴിഞ്ഞ് അറബിയിൽനിന്ന് മതഗ്രന്ഥങ്ങൾ തന്റെ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ ആരംഭിച്ചു. മതബോധമുള്ളവനും ലജ്ജാശീലനുമായ നായകന് വിവാഹം ഒരു കടമ്പയായി. അമ്മയോടും അമ്മൂമ്മയോടുമല്ലാതെ മറ്റൊരു സ്ത്രീയോടും ഇതുവരെ മുഖത്തു നോക്കി സംസാരിച്ചിട്ടുപോലുമില്ല.

നായകനെ ഭർത്താവായിക്കിട്ടാൻ നാലു സ്ത്രീകൾ ശ്രമിക്കുന്നുണ്ടായിരുന്നു. മറിയ ഗിർഗിസ് എന്ന കോപ്റ്റിക് ക്രിസ്ത്യൻ, ഇന്തോനേഷ്യൻ മതപണ്ഡിതന്റെ മകൾ നൂറുൽ, നിഖാബണിഞ്ഞ ജർമൻ(ടർക്കിഷ്) വനിത ആഇശ, അയൽക്കാരിയായ നൂറ. നിഖാബണിഞ്ഞ ആഇശയെയാണ് നായകൻ ഭാര്യയായി തെരഞ്ഞെടുക്കുന്നത്. ഇതിൽ കുപിതയായ നൂറ, നായകൻ തന്നെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചെന്ന് ആരോപിച്ച് അയാളെ കള്ളക്കേസിൽ കുടുക്കുന്നു. പിന്നീട് പീഡനത്തിന്റെ നാളുകൾ. ഒടുവിൽ രക്ഷക്കെത്തുന്നത് നായകന്റെ ആദർശവിശുദ്ധിയിൽ ആകൃഷ്ടയായ കോപ്റ്റിക് വനിത.

പ്രത്യക്ഷത്തിൽ ഈ പ്രണയക്കുരുക്ക് അഴിച്ചെടുക്കലാണ് കഥയെങ്കിലും, ഉടനീളം ഇസ്‌ലാമിക മുദ്രകൾ പതിഞ്ഞ സിനിമയാണിതെന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു. തീവ്രവാദത്തിനെതിരെ ശക്തമായ നിലപാടെടുക്കുന്നതോടൊപ്പം ഇന്തോനേഷ്യൻ ഇസ്‌ലാമിക പാരമ്പര്യങ്ങളെ അവയുടെ തനത് വിശുദ്ധിയോടെ ഫ്രെയ്മുകളിൽ സന്നിവേശിപ്പിക്കാനും സംവിധായകന് സാധിച്ചിരിക്കുന്നു. ഹബീബ് റഹ്മാൻ ശീറാസി ഇതേ പേരിലെഴുതിയ നോവലിനെ (2003-ൽ അത് ഇന്തോനേഷ്യയിൽ ബെസ്റ്റ് സെല്ലറായിരുന്നു) ആധാരമാക്കിയാണ് സിനിമ നിർമിച്ചിരിക്കുന്നത്. കല അരാജകത്വത്തിലേക്ക് വഴിമാറിയിരുന്ന സുഹാർത്തോ യുഗത്തിനുശേഷം മൂല്യങ്ങളിലേക്കുള്ള തിരിച്ചു പോക്കിനെ ഈ സിനിമ അടയാളപ്പെടുത്തുന്നു. ■

## പുസ്തകങ്ങൾ സൗജന്യമായി

**ശൈഖ്** മുഹമ്മദ് കാരകുന്നിന്റെ *ദൈവം, മതം, വേദം: സ്നേഹസംവാദം, മതത്തിന്റെ മാനുഷിക മുഖം, മുഹമ്മദ് നബി മാനുഷ്യകത്തിന്റെ മഹാചാര്യൻ (വാണിദാസ് എളയാവൂരുമായി സഹകരിച്ച്)* എന്നീ മലയാളം പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ പുറത്തിറങ്ങി. ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസും ഡയലോഗ് സെന്റർ കേരളയുമാണ് പ്രസാധകർ. ഇംഗ്ലീഷ് പരിഭാഷകൾ സൗജന്യമായി വിതരണം ചെയ്യും. ആവശ്യമുള്ളവർ കോഴിക്കോട് മാവൂർ റോഡിലെ ഹിറാസെന്ററുമായി ബന്ധപ്പെടുക. മുസ്‌ലിംകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. വിലാസം: ഡയലോഗ് സെന്റർ കേരള, പി.ബി നമ്പർ: 833, ഹിറാ സെന്റർ, കോഴിക്കോട്-673 004.